# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3355** **08.11.2019 ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിൽ വി.എഫ്.പി.സി.കെ. സ്വാശ്രയ വിപണി കർഷകർക്കുള്ള സബ്സിഡി**

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) എറണാകുളം ജില്ലയിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ.)യുടെ എത്ര സ്വാശ്രയ വിപണികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | എ) | എറണാകുളം ജില്ലയിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ 22 സ്വാശ്രയ കർഷക വിപണികൾ പ്രവർത്തിക്കുന്നുണ്ട്. |
| ബി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ 2018-19 ലെ വാഴ, ഹൈബ്രിഡ് പച്ചക്കറി, പൈനാപ്പിൾ എന്നിവ കൃഷി ചെയ്ത കർഷകർക്കുള്ള സബ്സിഡി തുക എറണാകുളം ജില്ലയിൽ എത്ര വി.എഫ്.പി.സി.കെ. സ്വാശ്രയ വിപണികളിലെ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | ബി) | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ 2018-19- ലെ വിള വികസന പദ്ധതിയിൽ വാഴകൃഷിക്കുള്ള സബ്സിഡി 18 വിപണികളിൽ മാത്രമേ വിതരണ ചെയ്തിട്ടുള്ളൂ. ഹൈബ്രിഡ് പച്ചക്കറി, പൈനാപ്പിൾ എന്നിവ കൃഷി ചെയ്ത കർഷകർക്കുള്ള തുക വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല. |
| സി) എറണാകുളം ജില്ലയിൽ ഇനി ഏതെല്ലാം സ്വാശ്രയ വിപണികളാണ് പ്രസ്തുത സബ്സിഡി തുക വിതരണം ചെയ്യുവാനുള്ളത് എന്ന് വ്യക്തമാക്കാമോ;<br>ഡി) പ്രസ്തുത സബ്സിഡി തുക വിതരണം നടത്തുവാൻ കാലതാമസം നേരിടുന്നതിന്റെ | സി) & ഡി) & ഇ) & എഫ്) | എറണാകുളം ജില്ലയിലെ മുക്കന്നൂർ, വെങ്ങോല, മലയാറ്റൂർ, കരുമാലൂർ എന്നീ വിപണികളിൽ വാഴ കൃഷിക്കുള്ള സബ്സിഡി വിതരണം ചെയ്യുവാനുണ്ട്. ഹൈബ്രിഡ് പച്ചക്കറി കൃഷിക്കുള്ള സബ്സിഡി കുറുമശ്ശേരി, കക്കാട്, മലയാറ്റൂർ, തുറവൂർ, കട്ടുങ്ങല്ലൂർ, കരുമാലൂർ, കാഞ്ഞൂർ, പുത്തൻവേലിക്കര, കന്നുകര, ഇലഞ്ഞി, അയ്യമ്പുഴ, വാഴക്കുളം, നെടുമ്പാശ്ശേരി, വെങ്ങോല, മഴുവന്നൂർ, കിരമ്പാറ, നെടുങ്ങപ്ര, ചുവപ്പടി, തിരുവാണിയൂർ, എടയ്ക്കാട്ടുവയൽ, മൂക്കന്നൂർ, |

കാരണം വ്യക്തമാക്കാമോ;

ഇ) പ്രസ്തുത സബ്സിഡി തുക എന്നത്തേക്ക് വിതരണം ചെയ്യുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

എഫ്) സബ്സിഡി തുക വേഗത്തിൽ വിതരണം ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പോത്താനിക്കാട് എന്നീ വിപണികളിൽ വിതരണം ചെയ്യാനുണ്ട്. പൈനാപ്പിൾ കൃഷിക്കുള്ള സബ്സിഡി വെങ്ങോല, മഴുവന്നൂർ, കീരമ്പാറ, നെട്ടൂങ്ങപ്ര, കുവപ്പടി, തിരുവാണിയൂർ, എടയ്ക്കാട്ടുവയൽ, മൂക്കന്നൂർ, പോത്താനിക്കാട് വിപണികൾക്ക് ലഭ്യമാക്കാനുണ്ട്.

സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷന്റെ ധനസഹായത്തോടെ വാഴ, പച്ചക്കറി, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ എന്നിവയുടെ കൃഷി വ്യാപനത്തിനായി 25.88 കോടി രൂപയുടെ പദ്ധതിയാണ് കൗൺസിൽ നടപ്പാക്കിയത്. ഇതിൽ ആദ്യ ഗഡുവായി കൗൺസിലിനു ലഭിച്ച 8 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. രണ്ടാമത്തെ ഗഡു ധനസഹായം കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**